# ST. ANTONY'S L P SCHOOL

**INCHOOR**

**SCHOOL CODE : 27377**

**KOTHAMANGALAM SUB DISTRICT**

# ACADEMIC MASTER PLAN

## ആമുഖം

**വിദ്യാലയചരിത്രത്തിലൂടെ.........................**

**കോ**തമംഗലം താലൂക്കിൽ  വാരപ്പെട്ടി വില്ലേജിൽ അഞ്ചാം വാർഡിൽ ഇഞ്ചൂർ കരയിൽ ഈ വിദ്യാലയം  സ്ഥിതി ചെയ്യുന്നു. ഒന്നാം ക്ലാസ്മുതൽ നാലാം ക്ലാസുവരെ നാലു ഡിവിഷനുകളും 5 അധ്യാപകരുമുണ്ട് . പഠനപ്രവർത്തനങ്ങളിൽ എന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലുംഈ വിദ്യാലയത്തിലെ കുട്ടികൾ മുൻപന്തിയിൽ നിൽക്കുന്നു .ഉപജില്ലയിലെ  വിവിധ മേളകളിൽ പങ്കെടുത്ത സ്തുത്യർഹമായനേട്ടങ്ങൾ കൈവരിക്കുന്നതിനും ഇവിടുത്തെ കുട്ടികൾക്ക് കഴിഞ്ഞു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ അഞ്ചാം വാർഡിൽ 1960 ആണ് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചത്. ആരംഭത്തിൽ 113 കുട്ടികളാണ് സ്കൂളിൽ ചേർന്നത് . ഇഞ്ചുരിലെയും സമീപപ്രദേശങ്ങളിലെയും  വിദ്യാഭ്യാസപുരോഗതിക്ക് തുടക്കം കുറിച്ചുകൊണ്ട് ഉണ്ട് കോതമംഗലം രൂപയാണ് സ്കൂളിന് ആരംഭം കുറിച്ചത്. എറണാകുളം അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചത് രൂപതാ കച്ചേരിയിൽ നിന്നും ക്രമനമ്പർ 83 പ്രകാരം പള്ളിക്ക് പിരിച്ച് കിട്ടുവാനുള്ള തുക പിരിച്ചെടുത്തു. സംഭാവന സ്വീകരിച്ചും . പുരയിടത്തിന് വടക്കേ ഭാഗത്ത് റോഡിനരികിൽ ഇതിൽ ഒരു സ്കൂൾ കെട്ടിടം നിർമ്മിക്കുവാനുള്ള ഉള്ള അനുവാദം അതിരൂപത അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ  പാറേക്കാട്ടിൽ ജോസഫ് മെത്രാൻ 1956 മെയ് പതിനാറാം തീയതി നൽകുകയുണ്ടായി . 1960 ൽ സ്കൂളിന് സർക്കാരിൻറെ അംഗീകാരം ലഭിച്ചു കോതമംഗലം രൂപത കോർപ്പറേറ്റ് മാനേജ്മെൻറ് കീഴിൽ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഇന്ന് നാല് ഡിവിഷനുകളും അഞ്ച് അധ്യാപകരും ഉണ്ട്

സ്കൂളിൽ ഒന്നു മുതൽ നാലു വരെയുള്ള ആള് നാലു ക്ലാസുകൾ ഉൾപ്പെടുന്നു അതിന് അനുബന്ധമായി ആയി ഒരു പ്രീ പ്രൈമറി വിഭാഗം ഉണ്ട് .മലയാളമാണ് ഈ സ്കൂളിലെ പഠനമാധ്യമം. ഏത് കാലാവസ്ഥയിലും റോഡിലൂടെ ഈ വിദ്യാലയത്തിൽ എത്തിച്ചേരാവുന്നതാണ് .ഓഡിറ്റോറിയം , ഡൈനിങ് ഹാൾ , കമ്പ്യൂട്ടർ ലാബ് ,ഗണിതലാബ് ,ലൈബ്രറി ഓഫീസ് റൂം ,സ്റ്റാഫ് റൂം, ഹൈടെക് കിച്ചൻ എന്നിവ അടങ്ങുന്നതാണ് ആണ് സ്കൂൾകെട്ടിടം . പ്രഥമശുശ്രൂഷ ആവശ്യമായ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട് . ടൈൽ ഇട്ട ക്ലാസ് മുറികളും വരാന്തയും ആണ് സ്കൂളിൽ ഉള്ളത് കുട്ടികൾക്ക് കളിക്കാൻ വിശാലമായ ഗ്രൗണ്ടും കളി സാധനങ്ങളും ഉണ്ട്. വൃത്തിയുള്ള പരിസരവും സ്കൂൾ അന്തരീക്ഷവും കുട്ടികൾക്ക് പഠിക്കാനുള്ള ഉണർവും ഉന്മേഷവും നൽകുന്നു . അതുപോലെ പോലെ ഹൈടെക് പ്രീപ്രൈമറി ഹൈടെക് ക്ലാസ് മുറിയും സ്കൂളിനുണ്ട് ഉണ്ട് 4 ലാപ്ടോപ് മൂന്ന് പ്രൊജക്ടർ , പ്രിൻറർ, സ്പീക്കർ ,സ്കാനർ, മൈക്ക് എന്നിങ്ങനെ അത്യാധുനിക സംവിധാനങ്ങളും സ്കൂളിന് സ്വന്തമായുണ്ട് . അതുപോലെ സ്കൂളില് ഉച്ചഭക്ഷണം നൽകുകയും തയ്യാറാക്കുകയും ചെയ്യുന്നു . തികച്ചും ഗ്രാമീണ അന്തരീക്ഷം

നിറഞ്ഞുനിൽക്കുന്ന വിദ്യാലയ പരിസരം കുട്ടികൾക്ക് അ പഠനത്തിന് കൂടുതൽ ഉന്മേഷവും നൽകുന്നു . വിദ്യാലയത്തിൽ ഇതിനുപുറമേ സ്കൂളിൻറെ മറ്റുപല സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു

- കംപ്യൂട്ടർ ലാബ്
- വിശാലമായ കളിസ്ഥലം
- ആധുനിക കിച്ചൺ
- മൾട്ടമീഡിയ റൂം
- ജൈവവൈവിധ്യപാർക്ക്
- ആകർഷകമായപൂന്തോട്ടം
- ഗണിതലാബ്
- ശലഭപാർക്ക്

**അ**ക്കാദമിക് മാസ്റ്റർ പ്ലാൻ

**പൊ**തുവിദ്യാഭ്യാസത്തിന്റെ തന്നെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക ,സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിലുള്ള വൈകാരിക സാമൂഹിക വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക ,പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

" **വി**ദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ നല്ല പഠനവും മികച്ച രീതികളും സംജാതമാകുന്നു "

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| **Name of School** | **: St. Antony’s L P School , Inchoor** |
| **Address** | **: Varappetty P.O, Inchoor , Ernakulam Dist.** |
| **School Code** | **: 27377** |
| **Educational District** | **: Kothamangalam** |
| **Educational Sub District** | **: Kothamangalam** |
| **Revenue District** | **: Ernakulam** |
| **BRC** | **: Kothamangalam** |
| **CRC** | **: Kozhippilly** |
| **Grama Panchayath** | **: Varappetty** |
| **Block Panchayath** | **: Kothamangalam** |
| **District Panchayath** | **: Ernakulam** |
| **Legislative Assembly** | **: Kothamangalam** |
| **Taluk** | **: Kothamangalm** |
| **Village** | **: Varappetty** |
| **Email** | **: lpsinchoor@gmail.com** |

## പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും പഠനത്തിനും ഒന്നും വികസനത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും
- സ്വയം പഠനവും കൂട്ടായ പഠനപ്രക്രിയയുടെ ഭാഗമാകും
- അതിജീവനത്തിന് ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം തന്നെ മതനിരപേക്ഷത ,ജനാധിപത്യബോധം, തുല്യത ,സഹവർത്തിത്വം ,സഹകരണം, തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിൻറെ മുന്നോട്ടുപോക്കിന് ആവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഉറപ്പാക്കും
- മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം ഉറപ്പാക്കും
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിക്കും എന്ന് ഉറപ്പുവരുത്തും
- മികച്ച പാഠഅനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും
- എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും ആധുനിക വിവര സാങ്കേതിക വിദ്യയിലൂടെ പഠിക്കുന്നതിനുള്ള അവസരമൊരുക്കും
- തുടർച്ചയായതും സമഗ്രമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അഭിവാജ്യ ഘടകമാക്കി
- എത്തിച്ചേരുന്ന മുഴുവൻ കുട്ടികളുടെയും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കും
- വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് ഉൾപ്പടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കും
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും ആയ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷിവികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര പരിപോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശക്തികരണം<br>• ജൈവവൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• കലാകായിക മേള<br>• ഐടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടി<br>• ക്ലാസ് പിടിഎ സജീവമാക്കൽ<br>• എസ്.ആർ.ജി ശാക്തീകരണം<br>• പ്രവർത്തി പരിചയ പരിശീലനം<br>• പച്ചക്കറിത്തോട്ടം<br>• ഗണിത ലാബ്<br>• ഗണിതന്തരീക്ഷമൊരുക്കൽ<br>• ടേം മൂല്യനിർണ്ണയം<br>• നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം | • ചുറ്റുമതിൽ ഗേറ്റ്<br>• കളിസ്ഥലം<br>• ചിൽഡ്രൻസ് പാർക്ക്<br>• ലൈബ്രറി<br>• ജന്മദിനത്തിൽ ഒരു പുസ്തകം ചിത്രരചന<br>• എൻറെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• എൻറെ ചെടി എനിക്കും പറയാനുണ്ട്<br>• ഗണിതോത്സവം | • PTA ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സഹകരണ സ്ഥാപനം എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• ഭവന സന്ദർശനം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Class I

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് . എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതോടൊപ്പം തന്നെ ,കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കുവാനും , സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ് . ഈ അക്കാദമികവർഷ കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്

**മലയാളം**

| പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| ✔ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക | • കളികളിലൂടെ ചിത്ര വായന<br>• വിവിധതരം ചിത്രങ്ങൾ കാണിച്ചു വായനക്ക് കുട്ടികളെ പ്രാപ്തരാക്കുക<br>• ചിത്രകാർഡുകൾ, വായന നിർമ്മാണ ശില്പശാല<br>• വായന സാമഗ്രികൾ തയ്യാറാക്കൽ | ജൂൺ | |
| | • അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• ചിത്ര വായന നടത്തി കാര്യങ്ങൾ വാചകമായി പങ്കെടുക്കുന്നു | ജൂലൈ | |

| | | | |
|---|---|---|---|
| | • ക്ലാസ് ലൈബ്രറി ഒരുക്കൽ<br>• വായനാമൂല ഒരുക്കൽ | | |
| ✔ ഒന്നാം ക്ലാസിൽ എല്ലാ കുട്ടികളെയും ലളിതമായി ബാല്യസാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | • ചിത്രകാർഡുകൾ തയ്യാറാക്കൽ<br>• അക്ഷരപാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ | ആഗസ്റ്റ് | |
| \<br>✔ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുക | • ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ<br>• ലളിതമായ വായനകാർഡുകൾ, സഹായത്തോടെ തയ്യാറാക്കുന്നു വായിക്കുന്നു | സെപ്റ്റംബർ | |
| | • ചിത്രവായന<br>• ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു വായിക്കുന്നു<br>• ആസ്വാദനകരമായ വായന നടത്താൻ<br>• എന്റെ വായന സമ്മാനം - പുസ്തകം പിറന്നാളിന് ലൈബ്രറി നൽകൽ | ഒക്ടോബർ | |

| | | | |
|---|---|---|---|
| ✔ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു | • വരികൾ കൂട്ടിച്ചേർക്കൽ<br>• പത്രവായനയ്ക്ക് അവസരം ഒരുക്കൽ | നവംബർ | |
| | • ചെറുവിവരണങ്ങൾ കുട്ടി സ്വന്തമാക്കി തയ്യാറാക്കൽ | ഡിസംബർ | |
| | • പതിപ്പ്നിർമ്മാണം<br>• ചിത്രകഥ ,ചെറുകഥകൾ കേൾക്കുന്നു<br>• ചിത്രം നോക്കി പറയുന്നു<br>• ചിത്രങ്ങൾ നോക്കി എഴുതാൻ ശ്രമിക്കുന്നു | ജനുവരി | |
| ✔ ഗ്രാഫിക് വായന ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ വാക്യങ്ങൾ എന്നിവ വായിക്കുന്നു | • കൂട്ടുവായന<br>• ചിത്രവായന ചെറുബാലസാഹിത്യങ്ങൾ വായന നടത്തുന്നു<br>• E വായന സാധ്യത കണ്ടെത്തൽ<br>• ഐസിടി | ഫെബ്രുവരി | |
| | • നാട്ടുവായന | | |

| | | | |
|---|---|---|---|
| ✔ ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ബഹുവാക്യങ്ങൾ എഴുതുന്നു വായിക്കുന്നു | • അമ്മ വായന<br>• അമ്മയും കുട്ടിയും വായിച്ചു നൽകുന്ന വായന സാമഗ്രികൾ നവമാധ്യമങ്ങളിൽ പങ്കിടുന്നു<br>• വീട്ടു വായന വീട്ടിലെ അംഗങ്ങൾ വായിച്ചു നൽകുന്ന വീഡിയോ<br>• വീട്ടുവായന ,കൂട്ടുവായന ,നാട്ടുവായന അമ്മ വായന,ചിത്രവായന ,സ്വന്ത വായന ഇങ്ങനെയുള്ള വായനകളെ പ്രോത്സാഹിപ്പിക്കുന്നു<br>• സ്വന്തമായി എഴുതിയും വായിച്ചും വിദ്യാഭ്യാസമ്പത്ത് ഉറപ്പിക്കുന്നു | മാർച്ച് | |

## ഗണിതം

| പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| • ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.<br>• അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ<br>• കൂടുതൽ കുറവ് തിരിച്ചറിയൽ | | |

| | | | |
|---|---|---|---|
| കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു. | • ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച്ഗണിതകിറ്റിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ആഗസ്റ്റ് | |
| • ഗണിതക്രിയകൾ ചിത്രീകരിക്കുന്നു | • സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>• ഒരക്കസംഖ്യകളുടെ സങ്കലനം<br>• ഒരക്കസംഖ്യകളുടെ വ്യവകലനം<br>• ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | സെപ്റ്റംബർ | |
| • പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുതകൾ വച്ച് കണ്ടെത്തുന്നു. | • ഒറ്റ സംഖ്യകൾ ഇരട്ടസംഖ്യകൾ തിരിച്ചറിയൽ<br>• ഒന്നിടവിട്ട സംഖ്യകൾ ഇരട്ടസംഖ്യകൾ ഒറ്റസംഖ്യ എന്ന തിരിച്ചറിവ്ഉണ്ടാക്കൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങൾ | ഒക്ടോബർ | |
| • ഗണിത പഠനത്തിന് സഹായകരമായതരത്തിൽ ഗണിതവസ്തുതകൾ തയ്യാറാക്കുന്നു | • സംഖ്യ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>• ഒരക്കസംഖ്യ രണ്ടക്കസംഖ്യ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | നവംബർ | |

| | | | |
|---|---|---|---|
| • ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു | | | |
| • ഒരക്കസംഖ്യകൾഎഴുതാനും വായിക്കാനും കഴിയുന്നു. | • സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ<br>• ഗണിത ആൽബം<br>• **My Number book**<br>• സംഖ്യകളെ സുന്ദരിയാക്കൽ **(Colouring)** | ഡിസംബർ | |
| • ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ<br>• 2 ഒരക്കസംഖ്യകളുടെ സങ്കലനം | • രണ്ടക്കസംഖ്യ ,ഒരക്കസംഖ്യ തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>• സങ്കലനം,വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു<br>• സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു | ജനുവരി | |
| • 2 ഒരക്കസംഖ്യകളുടെ വ്യവകലനം | • ഗണിത മഞ്ചാടി സംഖ്യ സൂരൻ ആൽബം തയ്യാറാക്കൽ<br>• ഗണിത ആൽബം തയ്യാറാക്കൽ | ഫെബ്രുവരി | |

| | | | |
|---|---|---|---|
| • ഒരക്കസംഖ്യ പാറ്റേൺ | • ആൽബം പ്രദർശനം<br>• സംഖ്യാഗാനം ആൽബം തയ്യാറാക്കൽ | | |
| • ഒരക്കസംഖ്യ വ്യാഖ്യാനം<br>• ഒരക്കസംഖ്യ രണ്ടക്കസംഖ്യ ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു | • ഉല്ലാസഗണിത പ്രവർത്തനങ്ങൾ<br>• വർക്ക്ഷീറ്റുകൾ നൽകൽ<br>• ലളിതമായ ഗണിതക്രിയ<br>• പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• ഉല്ലാസഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>• പകുതി ,തുല്യം ,കൂടുതൽ ,കുറവ് എന്നിങ്ങനെ തിരിച്ചറിയൽ | മാർച്ച് | |

<u>**പരിസരപഠനം**</u>

| **പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **റിമാർക്സ്** |
|---|---|---|---|
| ✔ ചെടികൾ നിരീക്ഷിച്ച് നിരവധി വ്യത്യസ്ത ഉണ്ടെന്നു പറയുന്നു | • പ്രകൃതി നടത്തം<br>• പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കാൻ<br>• വൃക്ഷത്തൈ നടിൽ | ജൂൺ | |
| ✔ ചെറിയ ചെടികൾ പൂക്കുന്നവ പൂക്കാത്തവ കണ്ടെത്തുന്നു | • മരങ്ങൾ ,ചെടികൾ | | |

| | | | |
|---|---|---|---|
| ✔ സസ്യങ്ങൾക്ക് തണ്ട് ,ഇല പൂവ്, കായ് ,വേര് ,തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു | നിരീക്ഷിക്കൽ തിരിച്ചറിയൽ<br>• തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ<br>• നിരീക്ഷിക്കുന്നു<br>• പേരുകൾ കണ്ടെത്തുന്നു<br>• സ്കൂൾ പൂന്തോട്ട നിർമ്മാണം | ജൂലൈ | |
| ✔ നിരീക്ഷിച്ചും അനുഭവത്തിന് അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റും ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് വിവിധ രീതിയിൽ അവതരിപ്പിക്കുന്നു അനുഭവം പറയൽ, ചിത്രീകരണം തയ്യാറാക്കുന്നു | • ചെടികളുടെ ചിത്രങ്ങൾ ഫോട്ടോ എടുത്ത് ക്ലാസ്സ് ഗ്രൂപ്പിൽ send ചെയ്യുന്നു<br>• ചെടികളുടെ പ്രത്യേകത പറയൽ<br>• സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം പൂന്തോട്ടം നിർമ്മാണം | ആഗസ്റ്റ് | |
| ✔ പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ നിറം ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത് ,വലുത് ഒറ്റയായത്, കുലയായത്, മണമുള്ളത്, മണമില്ലാത്തവ പട്ടികപ്പെടുത്തുന്നു നിഗമനം രൂപീകരിക്കുന്നു | • ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ചു ആഹാരമായതും അല്ലാതയും ഉപയോഗിക്കുന്നത് കണ്ടെത്തൽ<br>• മരങ്ങൾ ,ചെടികൾ വ്യത്യാസം തിരിച്ചറിയൽ | സെപ്റ്റംബർ | |

| | | | |
|---|---|---|---|
| ✔ നിറം, രുചി ,മണം, വലിപ്പം ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു | • മണമുള്ള പൂക്കൾ മണമില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു കണ്ടെത്തുന്നു<br>• തണ്ട് ഇല പൂവ് കായ് വേര്തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു<br>• ചിത്രീകരിക്കുന്നു | ഒക്ടോബർ | |
| ✔ സസ്യങ്ങൾ ,പൂക്കൾ, പഴങ്ങൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു | • പൂക്കളുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ വീട്ടിൽ രക്ഷിതാവിന്റെ സഹായത്തോടെ ഫോട്ടോ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു<br>• ചെടികൾ എന്തൊക്കെ നട്ടാണ് ഉണ്ടാകുന്നത് എന്ന് തിരിച്ചറിയൽ | നവംബർ | |
| ✔ പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു | • ചെറിയ പൂക്കൾ, വലിയ പൂക്കൾ ഒറ്റയായത്, കുലയായത്' മണമുള്ളത് ,മണമില്ലാത്ത .ഔഷധ ഗുണം ഉള്ളത് , രാത്രി വിരിയുന്ന പൂക്കൾ, എന്നിങ്ങനെ തിരിച്ചറിയൽ കണ്ടെത്തിയവ പട്ടികപ്പെടുത്തുന്നു | ഡിസംബർ | |
| ✔ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | • ആഹാരത്തിന് ആവശ്യമായ ഉപയോഗിക്കുന്ന ചെടികൾ<br>• പൂക്കളുടെ ശേഖരണ പുസ്തകം | ജനുവരി | |

| | | | |
|---|---|---|---|
| ✔ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു<br><br>✔ ചെടികളിൽ വ്യക്തമായ ധാരണയുന്നു ചുറ്റുപാടും പലതരം ചെടികൾ ഉണ്ടെന്നുള്ള വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു | • ലഘുപരീക്ഷണങ്ങളിൽ കണ്ടെത്തിയവ എന്റെപരിസരപഠനപുസ്തകത്തിൽ എഴുതിച്ചേർക്കൽ | | |
| | • എന്റെ പൂക്കൾ ആൽബം തയ്യാറാക്കൽ<br>• പൂക്കളുടെ പതിപ്പ് തയ്യാറാക്കൽ<br>• ലഘുപരീക്ഷണങ്ങൾ ആൽബം പ്രദർശനം പുസ്തകത്തിൽ പേരുകൾ ചെടികളുടെ പേരുകൾ മരങ്ങളുടെ പേരുകൾ പൂക്കളുടെ ചിത്രങ്ങൾ തരംതിരിച്ച് പട്ടികപ്പെടുത്തൽ | ഫെബ്രുവരി | |
| | • എന്റെ പരിസര പഠന പുസ്തകം<br>• എന്റെ ആൽബം<br>• പൂക്കൾ പതിപ്പ്<br>• ചെടികൾ ,പൂക്കൾ കാണാൻ അവസരം ഒരിക്കൽ | മാർച്ച് | |

## English

| Aims/Objectives | Activities | Duration | Remarks |
|---|---|---|---|
| ✔ Simple words , simple sentences, add more lines, description make sure these | • Simple words introducing<br>• provides picture card<br>• Gives a familiar magic picture card | June | |

| | | | |
|---|---|---|---|
| are in the children. | (Apple, ant, umbrella) | | |
| | • Says the familiar words<br>• Writing familiar words<br>• Reading familiar words | July | |
| ✔ Response to simple instructions in the classroom, Ex : may I come in teacher. | • Enjoy songs and sings them with rhythm and action<br>• Describes orally about pictures and objects using adjectives.<br>(Colours, shapes, small, big etc) | August | |
| | • Reads and rights simple words and simple sentence.<br>Ex : Apple, An apple, Red apple<br>• Provides picture card and reading cards | September | |
| ✔ Describes orally about pictures and objects using adjectives...<br>(Colour, size, shape etc) | • Introduces a simple picture description<br>• Word chain, sentence chain make words.<br>• Sentences make riddles.<br>• Describing words rhyming words etc<br>• Text book activities.<br>• My growing book is being prepared. | October | |

| | | | |
|---|---|---|---|
| ✔ Enjoy songs and sings them with rhythm and action. | | | |
| | • My small description book is being prepared.<br>• Preparing the reading card.<br>• The classroom provides more opportunities To read write and speak English.<br>• Write five English words daily.<br>• Prepared and displayed by " My English world | November | |
| | • My picture dictionary is being prepared.<br>• My growing book is being prepared.<br>• Simple introductions in the classroom.<br>• Encourages digital reading in the classroom everyday | December | |
| | • Enjoy songs and sings them with rhythm and action.<br>• " My amazing book"  is being prepared.<br>• Picture collection - Animals and birds.<br>• Picture collection -  animals and young ones.<br>• Spoken English class is provided | January | |

| | | | |
|---|---|---|---|
| ✔ To speak read and right english without any mistakes | | | |
| | • Provides the opportunity to express "Myself" in the classroom and assembly.<br>• English provides an opportunity to speak fluently and without fear.<br>• A period of daily spoken English class provides an opportunity.<br>• Provides opportunities for English assembly one day a week. | February | |
| | • English speaks fluently.<br>• Can read and write simple sentence.<br>• Picture reading picture describing can tell you how to read and write.<br>• My growing book, My picture dictionary, reading cards, My magic book. | March | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## Class II

### ആമുഖം

*രണ്ടാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് . എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതോടൊപ്പം തന്നെ ,കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാക്കുവാനും , സമൂഹത്തിൽ വിദ്യസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ് .* വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷിവികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യം ഇടുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യ നേടി ഒരു നല്ല വിദ്യ സമ്പത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

### മലയാളം

| പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| ✔ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | • മുന്നൊരുക്കം<br>• പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.<br>• കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ സി പി ടി എ നടത്തി എല്ലാ മാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിന് ഉള്ള അവസരം ഉണ്ടാക്കുന്നു. | | |
| | • ചിത്ര കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്) | ജൂൺ | |

| | | | |
|---|---|---|---|
| ✔ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക. | • ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ.<br>• വായന സാമഗ്രികൾ നിർമ്മിക്കൽ.<br>• വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | | |
| ✔ ക്ലാസിൽ എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | • ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായന, എഴുത്ത് എന്നിവയുടെ സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കൽ. പ്രദർശനം നടത്തൽ.<br>• എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ. | ജൂലൈ | |
| ✔ വർഷാവസാനം സ്വതന്ത്രമായ | • ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.<br>• വീട്ടിലെ ലൈബ്രറി ഒരുക്കൽ.<br>• ചിത്രവിവരണം<br>• വായനതലത്തിൽ എത്തിച്ച വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | • ഭാഷ വികസന മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | | |
| ✔ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു. | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ.<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങളുണ്ടാക്കൽ.<br>• വായിച്ച കഥാരംഗങ്ങൾക്ക് ആവിഷ്കാരം നടത്തൽ.<br>• പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം, ഭാഷണം, ലേഖനം എന്നിവയ്ക്ക് അവസരമൊരുക്കൽ. | സെപ്റ്റംബർ | |
| ✔ ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | • കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br>• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.<br>• ആന - ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കുന്നു.<br>• ആന - വായന കാർഡുകൾ ഒരുക്കുന്നു<br>• ഉദാ: ആന<br>• വലിയ ആന | ഒക്ടോബർ | |

| | | | |
|---|---|---|---|
| | • കറുത്ത വലിയ ആന | | |
| | • കുട്ടികളിൽ സ്വാതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കുന്നു<br>• 'എൻറെ വളരുന്ന പുസ്തകം' തയ്യാറാക്കുന്നു. | നവംബർ | |
| | • ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.<br>• വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു. | ഡിസംബർ | |
| | • വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനു മുള്ള അവസരമൊരുക്കുന്നു<br>• ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള അവസരം ഒരുക്കുന്നു.<br>• അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ. | ജനുവരി | |
| | • എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് | ഫെബ്രുവരി | |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തൽ.<br>• (ഭാഷണം ലേഖനം എഴുത്ത്)<br>• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.<br>• എല്ലാ സ്ഥലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ഉറപ്പാക്കൽ. | | |
| | • വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.<br>• ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, എഴുത്തു മാസിക, മാഗസിനുകൾ എന്നിവ തയ്യാറാക്കൽ.<br>• ഇൻലെന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>• വീട്ടുവായന, കൂട്ടുവായന, നാട്ടുവായന,<br>• അമ്മവായന,<br>• ചിത്രവായന എന്നീ വായനകളെ പ്രോത്സാഹിപ്പിക്കൽ.<br>• ക്ലാസ് ലേബറി സ്കൂൾ ലൈബ്രറി എന്നിവ ശക്തമാക്കൽ.<br>• നവമാധ്യമങ്ങളിലും പിടിഎ മീറ്റിങ്ങുകളിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ | മാർച്ച് | |

## ഗണിതം

| പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| ✔ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുക. | • *1, 2, 3, 4 .......*<br>• *1, 3,5,7 ......*<br>• *10, 20, 30,40 ......*<br>• *5, 10, 15, 20 .....*<br>• *2,4,6,8.......*<br>• തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.<br>• ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും കിട്ടും എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ. | ജൂൺ | |
| | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി ആകെ എണ്ണം പറയൽ.<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br>• പത്തിന്റെയും ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ട് സംഖ്യകൾ രൂപീകരിക്കൽ. *(5+5=10. 10+10=20)* | ജൂലൈ | |
| | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| | • 99 നോട് ഒന്നു കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100 ആകും<br>• 100 ഒന്നുകൾ ചേർന്നതാണ് 100<br>• ഓരോ സംഖ്യകളെയും പ്രായോഗിക ഗണിത ആശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. | | |
| | • ഗണിത കിട്ടിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.<br>• വില വിവരം പട്ടിക തയ്യാറാക്കൽ.<br>• ക്ലാസിലൊരു കട സ്കൂളിൽ ഒരു കട ഗണിത ആശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കൽ. | സെപ്റ്റംബർ | |
| | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധരണം ചെയ്യുന്നു.<br>• (രണ്ടക്കസംഖ്യയിൽ നിന്നും ഒരക്ക് സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം.)<br>• സംഘടന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>• സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ.<br>• (പാറ്റേണിയിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.) | ഒക്ടോബർ | |

| | | | |
|---|---|---|---|
| | • 5 ,10, 15 ,20,25..<br>• (അഞ്ചു വീതം കൂട്ടിയാൽ പ്രശ്നവിശകലനം) | | |
| | • സ്ഥാന വില തിരിച്ചറിയൽ<br>• പ്രായോഗിക പ്രശ്നപരിഹരനത്തിനായി കളി നോട്ടുകൾ തയ്യാറാക്കി നൽകൽ.<br>• ക്ലാസിന് ഒരു കട എന്ന കളിയിലൂടെ പ്രശ്നം നിർധരണം ചെയ്യൽ.<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിഞ്ഞ് കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ.<br>• 10 രൂപ+5 രൂപ=15 രൂപ (10 രൂപയുടെ നോട്ട് + 5 രൂപയുടെ നാണയം ) | നവംബർ | |
| | • സംഖ്യ ബോധം തിരിച്ചറിഞ്ഞ് സംഖ്യ വ്യാഖ്യാനം ഉറപ്പുവരുത്തൽ.<br>• പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ നിർമ്മിക്കൽ.<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതിയിൽ ഉപയോഗിക്കുന്നു. | ഡിസംബർ | |
| | • വില വിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർദ്ധാരണം ചെയ്തു തുക | ജനുവരി | |

| | | | |
|---|---|---|---|
| | കണ്ടെത്തൽ.<br>• സംഘടന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. | | |
| | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിത ആലാപനം നടത്തൽ.<br>• (ഒന്നൊന്ന് ചൊല്ലുമ്പോൾ ഒന്നിച്ചു നിൽക്കണം.....)<br>• ഉല്ലാസ് ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.<br>• ഗണിത പഠനം രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. | ഫെബ്രുവരി | |
| | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും ഉണ്ടെന്ന തിരിച്ചറിവ്.<br>• ഓരോ മാസത്തിലെയും<br>• ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.<br>• കലണ്ടർ , സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ എന്നിവ രൂപീകരിക്കൽ.<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>• ഗണിത ആശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ | മാർച്ച് | |

| | | | |
|---|---|---|---|
| | പ്രാപ്തരാക്കുക. | | |

## <u>പരിസരപഠനം</u>

| പഠനനേട്ടങ്ങൾ/ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|
| ✔ ചെടികൾ നിരീക്ഷിച്ച് നിരവധി വ്യത്യസ്ത ഉണ്ടെന്നു പറയുന്നു | • **<u>പ്രകൃതി നടത്തം</u>**<br>• പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കാൻ<br>• വൃക്ഷത്തൈ നടിൽ | ജൂൺ | |
| ✔ സസ്യങ്ങൾക്ക് തണ്ട് ,ഇല പൂവ്, കായ് ,വേര് ,തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു | • മരങ്ങൾ ,ചെടികൾ നിരീക്ഷിക്കൽ, തിരിച്ചറിയൽ<br>• തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ<br>• നിരീക്ഷിക്കുന്നു<br>• പേരുകൾ കണ്ടെത്തുന്നു<br>• സ്കൂൾ പൂന്തോട്ട നിർമ്മാണം | ജൂലൈ | |
| ✔ നിരീക്ഷിച്ചും അനുഭവത്തിന് അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റും ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് വിവിധ രീതിയിൽ അവതരിപ്പിക്കുന്നു അനുഭവം പറയൽ, ചിത്രീകരണം തയ്യാറാക്കുന്നു | • ചെടികളുടെ ചിത്രങ്ങൾ ഫോട്ടോ എടുത്ത് ക്ലാസ്സ് ഗ്രൂപ്പിൽ send ചെയ്യുന്നു<br>• ചെടികളുടെ പ്രത്യേകത പറയൽ<br>• സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം പൂന്തോട്ടം നിർമ്മാണം | ആഗസ്റ്റ് | |
| | • ചുറ്റുപാടുമുള്ള ചെടികൾ | സെപ്റ്റംബർ | |

| | | | |
|---|---|---|---|
| ✔ പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ നിറം ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത് ,വലുത് ഒറ്റയായത്, കുലയായത്, മണമുള്ളത്, മണമില്ലാത്തവ പട്ടികപ്പെടുത്തുന്നു നിഗമനം രൂപീകരിക്കുന്നു | നിരീക്ഷിച്ചു ആഹാരമായതും അല്ലാതയും ഉപയോഗിക്കുന്നത് കണ്ടെത്തൽ<br>• മരങ്ങൾ ,ചെടികൾ വ്യത്യാസം തിരിച്ചറിയൽ | | |
| ✔ നിറം, രുചി ,മണം, വലിപ്പം ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു | • മണമുള്ള പൂക്കൾ മണമില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു കണ്ടെത്തുന്നു<br>• തണ്ട് ഇല പൂവ് കായ് വേര്തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു<br>• ചിത്രീകരിക്കുന്നു | ഒക്ടോബർ | |
| | • പൂക്കളുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ വീട്ടിൽ രക്ഷിതാവിന്റെ സഹായത്തോടെ ഫോട്ടോ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു<br>• ചെടികൾ എന്തൊക്കെ നട്ടാണ് ഉണ്ടാകുന്നത് എന്ന് തിരിച്ചറിയൽ | നവംബർ | |
